REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 04-07-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **പഞ്ചരാഷ്ട്ര പര്യടനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ട്രിനിഡാഡ് ടൊബാഗോ സന്ദർശനം പുരോഗമിക്കുന്നു.**
- **കോട്ടയം മെഡിക്കൽ കോളേജ് കെട്ടിടം തകർന്ന് സ്ത്രീ മരിച്ച സംഭവം ദൗർഭാഗ്യകരമെന്ന് മന്ത്രി വി.എൻ വാസവൻ. സംസ്ഥാനത്ത് പ്രതിപക്ഷ സംഘടനകളുടെ പ്രതിഷേധം.**
- **കോഴിക്കോട്ട് ചികിത്സയിലിരിക്കെ മരിച്ച 18 കാരിക്കും മലപ്പുറത്ത് ചികിത്സയിൽ കഴിയുന്ന 38 കാരിയ്ക്കും പ്രാഥമിക പരിശോധനയിൽ നിപ സ്ഥിരീകരണം.**
- **പാലക്കാട് നിപ സംശയത്തെ തുടർന്ന് ആറ് വാർഡുകളിൽ നിയന്ത്രണം.**
- **ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിന്റെ മറുപടി ബാറ്റിംഗ് ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

പഞ്ചരാഷ്ട്ര പര്യടനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ട്രിനിഡാഡ് ടൊബാഗോ സന്ദർശനം പുരോഗമിക്കുന്നു. പ്രസിഡന്റ് ക്രിസ്റ്റീൻ കാർല കംഗലു, പ്രധാനമന്ത്രി കമല പെർസാദ്-ബിസ്സെസർ എന്നിവരുമായി ചർച്ച നടത്തുന്ന മോദി പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെയും അഭിസംബോധന ചെയ്യും.

✪✪✪

ട്രിനിഡാഡ് ടൊബാഗോയിലെ സന്ദർശനത്തിനു ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അർജന്റീനയിലേക്ക് തിരിക്കും. പ്രസിഡന്റ് ജാവിയർ മിലേയുടെ ക്ഷണപ്രകാരമാണ് നരേന്ദ്രമോദി അർജന്റീനയിലെത്തുന്നത്.

ഡെസ്ക് റിപ്പോർട്ട് ...

.....വോയ്സ്....

57 വർഷത്തിനു ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി അർജന്റീന സന്ദർശിക്കുന്നത്. പ്രധാന മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയും അർജന്റീയൻ പ്രസിഡന്റ് ജാവിയർ മിലേയും ചർച്ച നടത്തും.

ലാറ്റിൻ അമേരിക്കയിൽ ഇന്ത്യയുടെ പ്രധാന സാമ്പത്തിക പങ്കാളിയും ജി-20യിൽ അടുത്ത സഹകാരിയുമാണ് അർജന്റീന. വിവിധ മേഖലകളിൽ സഹകരണം ഉറപ്പുവരുത്തുന്ന ഇരുരാജ്യങ്ങളുടെയും നയതന്ത്രബന്ധത്തിന്റെ 75 വർഷം 2024ൽ ആഘോഷിച്ചിരുന്നു. നരേന്ദ്രമോദിയുടെ സന്ദർശനം കൂടുതൽ മേഖലകളിലേക്ക് സഹകരണം ശക്തിപ്പെടുത്താൻ സഹായിക്കുമെന്ന് അർജന്റീനയിലെ ഇന്ത്യൻ അംബാസഡർ അജനീഷ് കുമാർ ആകാശവാണിയോട് പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ട്രിനിഡാഡിലെ ഗായകൻ റാണാ മൊഹിപ്പുമായി കൂടിക്കാഴ്ച നടത്തി. മഹാത്മാ ഗാന്ധിയുടെ 150-ാം ജയന്തി ആഘോഷവേളയിൽ വൈഷ്ണവ ജനതോ എന്ന ഗാനം ആലപിച്ച വ്യക്തിയാണ് റാണാ മൊഹിപ്. ഇന്ത്യൻ സംഗീതത്തോടും സംസ്കാരത്തോടും അദ്ദേഹം കാണിക്കുന്ന അഭിനിവേശത്തെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

✪✪✪

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ മറ്റന്നാൾ രണ്ട് ദിവസത്തെ സന്ദർശനത്തിന് കേരളത്തിലെത്തും. ഗുരുവായൂർ ക്ഷേത്രത്തിൽ പ്രാർത്ഥന നടത്തുന്ന അദ്ദേഹം കൊച്ചിയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെ വിദ്യാർത്ഥികളും അധ്യാപകരുമായും സംവദിക്കും.

✪✪✪

സ്വാമി വിവേകാനന്ദന്റെ മഹാസമാധിദിനത്തിൽ ശ്രദ്ധാഞ്ജലിയർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യയുടെ സാംസ്കാരിക ചരിത്രത്തിലും പൈതൃകത്തിലും അഭിമാനവും ആത്മവിശ്വാസവും ജ്വലിപ്പിച്ച സ്വാമികളുടെ

ദർശനങ്ങളും ചിന്തകളും നമുക്ക് വഴികാട്ടിയായി തുടരുന്നുവെന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു.

✪✪✪

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കെട്ടിടം തകർന്നുവീണ് മരിച്ച തലയോലപ്പറമ്പ് സ്വദേശിനി ബിന്ദുവിന്റെ സംസ്കാര ചടങ്ങുകൾ വീട്ടുവളപ്പിൽ ആരംഭിച്ചു. രാവിലെ പൊതുദർശനത്തിന് വെച്ച മൃതദേഹത്തിൽ നിരവധി പേർ അന്തിമോചാരമർപ്പിച്ചു.

✪✪✪

കോട്ടയം മെഡിക്കൽ കോളേജ് കെട്ടിടം തകർന്ന് സ്ത്രീ മരിച്ച സംഭവം ദൗർഭാഗ്യകരമെന്ന് മന്ത്രി വി.എൻ വാസവൻ പറഞ്ഞു. മരിച്ച ബിന്ദുവിന്റെ കുടുംബത്തിന് തണലും ആശ്വാസവുമായി ഗവൺമെന്റ് കൂടെയുണ്ടാകുമെന്ന് അദ്ദേഹം അറിയിച്ചു.

✪✪✪

കോട്ടയം മെഡിക്കൽ കോളേജ് കെട്ടിടം തകർന്ന് സ്ത്രീ മരിച്ച സംഭവത്തിൽ സംസ്ഥാനത്ത് പ്രതിപക്ഷ സംഘടനകളുടെ പ്രതിഷേധം തുടരുന്നു. രാജി ആവശ്യപ്പെട്ട് തിരുവനന്തപുരത്ത് മന്ത്രി വീണാ ജോർജിന്റെ വസതിയിലേക്ക് BJP പ്രവർത്തകർ മാർച്ച് നടത്തി. സംഘർഷാവസ്ഥയെ തുടർന്ന് പൊലീസ് ജലപീരങ്കി പ്രയോഗിച്ചു.

മന്ത്രി വീണാ ജോർജിന്റെ ഓഫീസിന് മുന്നിൽ മഹിളാ കോൺഗ്രസ് പ്രതിഷേധിക്കുകയാണ്. പ്രവർത്തകർ മന്ത്രിയുടെ ഓഫീസിലേക്ക് തള്ളിക്കയറാൻ ശ്രമിച്ചു.

✪✪✪

കോട്ടയത്തെ അപകടത്തിൽ നിരുത്തരവാദിത്തപരമായ സമീപനമാണ് മന്ത്രിമാരും ഗവണ്മെന്റും സ്വീകരിച്ചതെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ ആരോപിച്ചു. ചാണ്ടി ഉമ്മൻ MLA വന്നതിന് ശേഷം മാത്രമാണ് തെരച്ചിൽ ആരംഭിച്ചതെന്നും അദ്ദേഹം എറണാകുളത്ത് മാധ്യമങ്ങളോട് പറഞ്ഞു. അപകടത്തിൽ മരിച്ച ബിന്ദുവിന്റെ കുടുംബത്തോട് സംസാരിക്കാൻ മന്ത്രിമാർ തയ്യാറായില്ലെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

✪✪✪

കോട്ടയം മെഡിക്കൽ കോളജിൽ കെട്ടിടം തകർന്ന് വീണ് സ്ത്രീ മരിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്ന് ചാണ്ടി ഉമ്മൻ MLA ആവശ്യപ്പെട്ടു. ആശുപത്രി കെട്ടിടം തകർന്ന് മരിച്ച

തലയോലപ്പറമ്പിലെ ബിന്ദുവിന് ആദരാഞ്ജലി അർപ്പിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ബിന്ദുവിന്റെ കുടുംബത്തിന് ആവശ്യമായ നഷ്ടപരിഹാരം നൽകാൻ ഗവൺമെന്റ് തയ്യാറാകണമെന്നും ചാണ്ടി ഉമ്മൻ പറഞ്ഞു. ആരോഗ്യരംഗത്തെ കെടുകാര്യസ്ഥത ഒരു ഡോക്ടർ വെളിപ്പെടുത്തിയിട്ടുപോലും ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

✪✪✪

കോട്ടയത്ത് ആശുപത്രി കെട്ടിടം തകർന്ന് മരിച്ച തലയോലപ്പറമ്പിലെ ബിന്ദുവിന്റെ വീട് KPCC പ്രസിഡന്റ് സണ്ണിജോസഫ് സന്ദർശിച്ചു. ബിന്ദുവിന് ആദരാഞ്ജലി അർപ്പിച്ച അദ്ദേഹം കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു.

✪✪✪

കോട്ടയത്ത് ആശുപത്രി കെട്ടിടം തകർന്ന് സ്ത്രീ മരിക്കാൻ ഇടയായത് സംസ്ഥാന ഗവൺമെന്റിന്റെ അനാസ്ഥകൊണ്ടാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി. കൃത്യസമയത്ത് രക്ഷാപ്രവർത്തനം നടത്തിയിരുന്നെങ്കിൽ സ്ത്രീയെ രക്ഷിക്കാൻ കഴിയുമായിരുന്നുവെന്നും ഇക്കാര്യത്തിൽ മന്ത്രിമാരുടെ വീഴ്ച പരിശോധിക്കണമെന്നും അദ്ദേഹം മാധ്യമങ്ങളോട് സംസാരിക്കവെ ആവശ്യപ്പെട്ടു.

✪✪✪

കോഴിക്കോട്ട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലിരിക്കെ മരിച്ച 18 കാരിക്കും മലപ്പുറത്ത് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന 38 കാരിയ്ക്കും നിപ സ്ഥിരീകരിച്ചു. കോഴിക്കോട് മെഡിക്കൽ കോളെജിൽ നടത്തിയ പ്രാഥമിക പരിശോധനയിലാണ് രോഗം സ്ഥിരീകരിച്ചത്. സാമ്പിളുകൾ പൂനെ വൈറോളജി ഇൻസ്റ്റിട്യൂട്ടിലേക്ക് അന്തിമ പരിശോധനയ്ക്ക് അയച്ചതായി അധികൃതർ അറിയിച്ചു.

✪✪✪

പാലക്കാട് തച്ചനാട്ടുകര സ്വദേശിയായ യുവതിക്ക് നിപ ബാധ സംശയിച്ചതിനെ തുടർന്ന് തച്ചനാട്ടുകര കരിമ്പ പഞ്ചായത്തുകളിലെ 6 വാർഡുകളിൽ ജില്ലാ ഭരണകൂടം നിയന്ത്രണം ഏർപ്പെടുത്തി. പൂനയിലെ വൈറോളജി ലാബിലേക്ക് അയച്ച സാമ്പിളിന്റെ ഫലം കാത്തിരിക്കുകയാണെന്ന് ആരോഗ്യവകുപ്പ് അധികൃതർ അറിയിച്ചു. യുവതി നിലവിൽ പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്.

✪✪✪

പാലക്കാട് , തൃശൂർ ജില്ലകളിൽ 1,835 കോടി രൂപയുടെ നിക്ഷേപ വാഗ്ദാന പദ്ധതികൾ യാഥാർത്ഥ്യമാക്കുമെന്ന് മന്ത്രി  P. രാജീവ് അറിയിച്ചു. കേരള ആഗോള നിക്ഷേപക ഉച്ചകോടിയിലെ വാഗ്ദാനങ്ങൾ മുഴുവനും പ്രാവർത്തികമാക്കാൻ സംസ്ഥാന വ്യവസായ വകുപ്പ് കൃത്യമായ രൂപരേഖയോട് കൂടിയാണ് മുന്നോട്ട് പോകുന്നതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കുമെന്നും പി രാജീവ് അറിയിച്ചു.

✪✪✪

പാലക്കാട് , തൃശൂർ ജില്ലകളിൽ 1,835 കോടി രൂപയുടെ നിക്ഷേപ വാഗ്ദാന പദ്ധതികൾ യാഥാർത്ഥ്യമാക്കുമെന്ന് മന്ത്രി  P. രാജീവ് അറിയിച്ചു. കേരള ആഗോള നിക്ഷേപക ഉച്ചകോടിയിലെ വാഗ്ദാനങ്ങൾ മുഴുവനും പ്രാവർത്തികമാക്കാൻ സംസ്ഥാന വ്യവസായ വകുപ്പ് കൃത്യമായ രൂപരേഖയോട് കൂടിയാണ് മുന്നോട്ട് പോകുന്നതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കുമെന്നും പി രാജീവ് അറിയിച്ചു.

✪✪✪

ദേശീയ പാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുമെന്ന് ദേശീയപാതാ വികസന അതോറിറ്റി റീജിണൽ ഓഫീസർ അറിയിച്ചതായി മന്ത്രി PA മുഹമ്മദ് റിയാസ് വ്യക്തമാക്കി. ഇക്കാര്യത്തിൽ റീജിണൽ ഓഫീസറുമായി ചർച്ച നടത്തിയതായും മന്ത്രി ഫേസ്ബുക്കിൽ അറിയിച്ചു. നിലവിലെ നിർമ്മാണ പ്രവർത്തികളും സർവീസ് റോഡുകളുടെ പ്രശ്നങ്ങളും നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയതായും മന്ത്രി അറിയിച്ചു.

✪✪✪

കേരളത്തിന്റെ സാംസ്കാരിക പെരുമ മുദ്രണം ചെയ്ത ചിത്ര കലാ ഗോപുരങ്ങൾ ഒരുക്കി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളം. ചാക്കയിലെ രാജ്യാന്തര ടെർമിനലിലെ ഓവർബ്രിഡ്ജ് ടവറുകളാണ് ചിത്ര ഗോപുരങ്ങളാക്കി മാറ്റിയത്.

ആകാശവാണി പ്രതിനിധി രെജു കൊലിയാക്കോടിന്റെ റിപ്പോർട്ട്

........വോയ്സ്.........

കേരളത്തിന്റെ തനത് കലാരൂപങ്ങൾ, സാംസ്കാരിക ബിംബങ്ങൾ, ചരിത്രസ്മാരകങ്ങൾ, കേരളത്തിന്റെ അഭിമാനമായി മാറിയ സ്ഥാപനങ്ങൾ

തുടങ്ങിയവയാണ് രാജ്യാന്തര വിമാന താവളത്തിലെ ഓവർ ബ്രിഡ്ജ് ടവറുകളെ കാൻവാസ് ആക്കി മാറ്റിയത്. ലോകമെങ്ങും പ്രചാരം നേടിയ തെയ്യവും കഥകളിയും മുതൽ ഒപ്പനയും മാർഗംകളിയും പൂരവും രഥോത്സവവും ആദ്യ ഗോപുരത്തെ മനോഹരമാക്കുന്നുണ്ട്.

മലയാള ഭാഷയുടെ പിതാവ് തുഞ്ചത്ത് എഴുത്തച്ഛനിൽ തുടങ്ങുന്ന രണ്ടാം ഗോപുരത്തിൽ മലയാളം അക്ഷരമാലയും കളരിയും ആയുർവേദവും മുതൽ വള്ളംകളി വരെയുണ്ട്. മൂന്നാം ഗോപുരം തിരുവനന്തപുരത്തിന്റെ കലാ, സാംസ്കാരിക പാരമ്പര്യത്തിന്റെ നേർക്കാഴ്ചയാണ്.

പത്മനാഭസ്വാമി ക്ഷേത്രം, ബീമാപള്ളി, പാളയം ചർച്ച്, രാജാ രവിവർമയുടെ അനശ്വര പെയിന്റിംഗുകൾ, രാജ കൊട്ടാരങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നാലാം ഗോപുരം ആധുനിക തലസ്ഥാനത്തിന്റെ മുഖമാണ്- നിയമസഭാ മന്ദിരവും, വിക്രം സാരാഭായി സ്പേസ് സെന്ററും ടെക്നോപാർക്കും നേപ്പിയർ മ്യൂസിയവും മുതൽ വിഴിഞ്ഞം രാജ്യാന്തര തുറമുഖം വരെ നിറക്കൂട്ടുകളായി കാഴ്ചയൊരുക്കുന്നു. ഒറ്റപ്പാലത്തെ ദേവ ക്രിയേഷൻസ് സ്ഥാപകരായ അമ്പിളി തെക്കേടത്ത്, സനു ക്രാരിയേലി എന്നിവരുടെ നേതൃത്വത്തിൽ മൂന്നു മാസമെടുത്താണ് ചിത്രങ്ങൾ പൂർത്തിയാക്കിയത്.

✪✪✪

ബർമിംഗ്ഹാമിൽ ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫിയുടെ രണ്ടാം ടെസ്റ്റിന്റെ മൂന്നാം ദിനത്തിൽ ഇംഗ്ലണ്ടിന്റെ മറുപടി ബാറ്റിംഗ് ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് പുനരാരംഭിക്കും.

ഒന്നാം ഇന്നിംഗ്സിൽ 587 റൺസാണ് ഇന്ത്യ നേടിയത്. മറുപടി ബാറ്റിംഗിനിറങ്ങിയ ഇംഗ്ലണ്ട് ഒന്നാം ഇന്നിംഗ്സിൽ 3 വിക്കറ്റിന് 77 റൺസ് എന്ന നിലയിലാണ്.

✪✪✪

കസാക്കിസ്ഥാനിൽ ലോക ബോക്സിംഗ് കപ്പിൽ ഇന്ത്യയുടെ ഹിതേഷ് ഗുലിയയും സാക്ഷിയും സെമിഫൈനലിൽ പ്രവേശിച്ചു. ഹിതേഷ് ഗുലിയ പുരുഷന്മാരുടെ 70 കിലോ വിഭാഗത്തിലും സാക്ഷി വനിതകളുടെ 54 കിലോ വിഭാഗത്തിലുമാണ് സെമിയിൽ കടന്നത്.

നേരത്തെ വനിതകളുടെ 48 കിലോ വിഭാഗത്തിൽ മിനാക്ഷി, 80 കിലോ വിഭാഗത്തിൽ പൂജ റാണി, 60 കിലോവിഭാഗത്തിൽ സഞ്ജു എന്നിവർ സെമി ഫൈനലിൽ എത്തിയിരുന്നു.

✪✪✪

കാനഡ ഓപ്പൺ സൂപ്പർ 300 ബാഡ്മിന്റൻ ടൂർണമെന്റിന്റെ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ കിഡംബി ശ്രീകാന്ത് ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. ചൈനീസ് തായ്പേയിയുടെ താരത്തെയാണ് തോൽപ്പിച്ചത്.

✪✪✪

ഒരു മാസത്തെ കൊട്ടിയൂർ വൈശാഖ മഹോത്സവം ഇന്ന് സമാപിക്കും. തൃക്കലശാട്ടം കഴിയുന്നതോടെയാണ് വൈശാഖ മഹോത്സവത്തിന് പരിസമാപ്തിയാവുക.

✪✪✪

ഞായറാഴ്ച വരെ സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

✪✪✪

മുൻ മുഖ്യമന്ത്രി VS അച്യുതാനന്ദന്റെ ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നു. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ തീവ്ര പരിചരണ വിഭാഗത്തിൽ കഴിയുന്ന അദ്ദേഹം മരുന്നുകളോട് പ്രതികരിക്കുന്നുണ്ടെന്ന് ഡോക്ടർമാർ മെഡിക്കൽ ബുള്ളറ്റിനിൽ അറിയിച്ചു.

✪✪✪

കണ്ണൂർ തളിപ്പറമ്പ് മൊറാഴ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ മൈതാനം നവീകരിക്കുന്നതിന് ഒരു കോടി രൂപ അനുവദിച്ചു. കായിക വകുപ്പും ആന്തൂർ നഗരസഭയും 50 ശതമാനം വീതം ഫണ്ട് നൽകും. മൈതാനം ക്രമീകരിച്ച് പവലിയനുകൾ, ലൈറ്റുകൾ, ഓപ്പൺ സ്റ്റേജ് എന്നിവ നിർമിക്കാനാണ് ഫണ്ട് അനുവദിച്ചത്.

✪✪✪

ആലപ്പുഴ ഓമനപ്പുഴയിൽ എയ്ഞ്ചൽ ജാസ്മിൻ എന്ന യുവതിയെ കൊലപ്പെടുത്തിയെന്ന കേസിൽ അച്ഛന് പിന്നാലെ അമ്മയേയും അമ്മാവനെയും പൊലീസ് അറസ്റ്റ് ചെയ്തു. അമ്മ ജെസി മോളേയും അമ്മാവൻ അലോഷ്യസിനെയുമാണ് മണ്ണഞ്ചേരി പൊലീസ് അറസ്റ്റ് ചെയ്തത്.

✪✪✪

കോഴിക്കോട്ടെ ഹേമചന്ദ്രൻ തിരോധാന കേസിൽ ഒരാൾ കൂടി പിടിയിലായി. വയനാട് പൂതാടി സ്വദേശി വൈശാഖിനെയാണ് സിറ്റി ക്രൈം സ്ക്വാഡും, മെഡിക്കൽ കേളേജ് പൊലീസും ചേർന്ന് പിടി കൂടിയത്. പ്രതിയെ ചോദ്യം

ചെയ്തതിന് ശേഷം അറസ്റ്റ് രേഖപ്പെടുത്തി. മറ്റു പ്രതികളോടൊപ്പം ഹേമചന്ദ്രനെ തട്ടിക്കൊണ്ടുപോകാനും, മൃതദേഹം കുഴിച്ചു മൂടാനും ശ്രമിച്ച കേസിലാണ് ഇയാൾ പിടിയിലായത്. ഇതോടെ കേസിൽ മൂന്നു പേർ അറസ്റ്റിലായി.

✪✪✪

വടകര-മാഹി കനാലിന്റെ ഭാഗമായ കോട്ടപ്പള്ളി പാലം പുനർനിർമ്മിക്കുന്നതിന് കരാറായി. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപറേറ്റീവ് സൊസൈറ്റിക്കാണ് കരാർ ലഭിച്ചത്. 17 കോടി 65 ലക്ഷം രൂപ ചെലവഴിച്ച് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കും. വടകര കാവിൽ-തീക്കുനി-കുറ്റ്യാടി റോഡിലെ കോട്ടപ്പള്ളിയിലാണ് പഴയ പാലം പൊളിച്ച് ആധുനിക രീതിയിൽ പുതിയ പാലം നിർമിക്കുക.

✪✪✪

കേരള വനം വന്യജീവി വകുപ്പിന്റെ നേതൃത്വത്തിൽ കോഴിക്കോട് NIT യിൽ തൈ നടീലും, ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിച്ചു. ഉത്തരമേഖല സാമൂഹ്യ വനവൽക്കരണ വിഭാഗം, കോഴിക്കോട് ഡിവിഷൻ സാമൂഹ്യ വനവൽക്കരണ വിഭാഗം, സോഷ്യൽ ഫോറസ്ട്രി റേഞ്ച്, NIT എന്നിവയുടെ സംയുക്താഭിമുഖ്യത്തിലായിരുന്നു പരിപാടി.

✪✪✪

കോഴിക്കോട് ജില്ലയിലെ ക്യാമ്പസുകളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സ്വച്ഛ് ക്യാമ്പസ് അംബാസഡർ പദ്ധതിയ്ക്ക് തുടക്കമായി. ഒരു വർഷം നീണ്ടു നിൽക്കുന്ന വിവിധ പ്രവർത്തനങ്ങൾക്ക് അംബാസിഡർമാർ നേതൃത്വം നൽകും. ജില്ലാ ശുചിത്വ മിഷന്റെയും NSS ന്റെയും നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

പ്ലസ് വൺ പ്രവേശനത്തിന്റെ ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം ചൊവ്വാഴ്ച വൈകിട്ട് 4 വരെ വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാം. ആദ്യ സപ്ലിമെന്ററി അലോട്ട്മെന്റ് ഫലം ഇന്നലെ പ്രസിദ്ധീകരിച്ചിരുന്നു. മോഡൽ റെസിഡെൻഷ്യൽ സ്കൂളുകളിലേയ്ക്ക് സപ്ലിമെന്ററി അലോട്ട്മെന്റും ഇതോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: ഫസ്ന ഫാത്തിമ*
*CNRT: നിമിഷ ജി*
*DEO : സി കെ സുബോധ്*